പതിമൂന്നാം കേരളനിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2918 — 2.04.2013 ലെ മറുപടിയ്ക്ക്

ഭക്ഷ്യവകുപ്പിലെ സ്ഥലംമാറ്റങ്ങൾ

ചോദ്യം — മറുപടി

ശ്രീ.കെ.കെ.നാരായണൻ

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 1.1.12 മുതൽ 14.03.13 വരെ ഭക്ഷ്യവകുപ്പിൽ എത്ര സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) 1.1.12 മുതൽ 14.03.13 വരെ ഭക്ഷ്യവകുപ്പിൽ 311 സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുണ്ട്. |
| ബി)സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; | ബി) സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിലവിലുണ്ട്. |
| (സി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | 1) പൊതുസ്ഥലംമാറ്റം വർഷത്തിലൊരിക്കൽ മെയ് 15 ന് മുമ്പ് എല്ലാ വകുപ്പുകളിലും നടത്തേണ്ടതാണ്.<br>2) ജില്ലാതല സ്ഥലമാറ്റങ്ങൾക്കുള്ള പൊതുനിബന്ധനകൾക്ക് വിധേയമായി ഒരു സ്റ്റേഷനിൽ 3 വർഷം തികയാത്തവരെ സ്ഥലം മാറ്റാൻ പാടുള്ളതല്ല.<br>3) ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ല. ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയ അപേക്ഷകൻ മറ്റൊരു സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലം മാറ്റം നടത്തിയാൽ മതിയാകുന്നതാണ്. എന്നാൽ പൊതു താത്പര്യം മുൻനിർത്തി സർക്കാരിന്റെ അനുമതിയോടെ ആവശ്യമെങ്കിൽ സ്ഥലം മാറ്റം നടത്താവുന്നതാണ്. സഹതാപാർഹമായ സാഹചര്യങ്ങൾ കണക്കിലെടുത്തും സ്ഥലംമാറ്റം നടത്താവുന്നതാണ്. സ്ഥലംമാറ്റം സംബന്ധിച്ച വിശദമായ മാർഗനിർദ്ദേശങ്ങൾ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>i) സ.ഉ(പി)15/89/പി.& എ.ആർ.ഡി. തീയതി,22.5.1989<br>ii)സ.ഉ(പി)11/90/പി.& എ.ആർ.ഡി. തീയതി,5.5.1990<br>iii)സ.ഉ(പി)17/90/പി.& എ.ആർ.ഡി. തീയതി,25.5.1990<br>iv) സ.ഉ(പി)38/91/പി.& എ.ആർ.ഡി. തീയതി,2.12.1991<br>v) സ.ഉ(പി)7/92/പി.& എ.ആർ.ഡി. തീയതി,21.2.1992<br>vi) സ.ഉ(പി)13/2000/പി.& എ.ആർ.ഡി. തീയതി,27.4.2000<br>vii)സ.ഉ(പി)12/2004/പി.& എ.ആർ.ഡി. തീയതി,10.9.2004 |

സെക്ഷൻ ഓഫീസർ